പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 351 10. 04. 2013- ലെ മറുപടി

## സൗദി അറേബ്യയിലെ തൊഴിൽപ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ബഷീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. കെ. എം. ഷാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)തദ്ദേശവാസികൾക്ക തൊഴിൽ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ചെറുകിട വാണിജ്യ-വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ സൗദി അറേബ്യൻ സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പോകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) തദ്ദേശവാസികൾക്ക തൊഴിൽ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ചെറുകിട വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ സൗദി അറേബ്യൻ സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പോകുന്നതായുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)ഇതുമൂലം ഏറ്റവും ഗുരുതരമായ തൊഴിൽപ്രശ്നങ്ങൾ നേരിടേണ്ടിവരുന്നത് കേരളത്തിൽനിന്നുള്ള തൊഴിലാളികൾക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. എന്നാൽ തദ്ദേശവാസികൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതുമൂലം കേരളീയരായ പ്രവാസി തൊഴിലാളികൾക്ക് ഗുരുതരമായ തൊഴിൽ പ്രശ്നങ്ങൾ നേരിടുന്നതായി ഔദ്യോഗിക വിവരം ലഭിച്ചിട്ടില്ല. |
| (സി) തൊഴിൽരഹിതരാകേണ്ടിവരുന്ന വിദേശമലയാളികളുടെ പ്രശ്നം പരിഹരിക്കാനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;<br><br>(ഡി)ഇക്കാര്യത്തിൽ അടിയന്തിരവിവരശേഖരണത്തിനും, പരിഹാര നടപടികളെക്കുറിച്ചുള്ള കൂടിയാലോചനയ്ക്കും തയ്യാറാകുമോ? | (സി & ഡി) തിരികെ വന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സൗദി അറേബ്യയിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗൾഫ് |

രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനായി മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല ക്യാബിനറ്റ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് വിവര ശേഖരണം നടത്തുന്നുണ്ട്. നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ വിവരശേഖരണത്തിന് 24 മണിക്കൂർ കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിനു വേണ്ടി മാത്രമായി പ്രത്യേകമായി ഇന്റർനെറ്റ് മുഖേന ബന്ധപ്പെടുന്നതിന് nitaqat2013@norkaroots.net എന്ന ഇ – മെയിൽ ഐ.ഡി.യും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ